# വചനവിചിന്തനം ജൂലൈ 26 ഞായർ, 2009
## ധൂർത്തപുത്രൻ . Lk-15:11-32

വ്യാഖ്യാനത്തിന്റെ അനന്തമായ സാദ്ധ്യതകൾ നമ്മുടെ മുൻപിൽ തുറക്കുന്ന, ഒരിക്കലും മായ്ച്ചുകളയാൻ സാധിക്കാത്തവിധത്തിൽ, മനസിൽ നിറഞ്ഞുനിൽക്കുന്ന ഒരു കഥയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ നാം ശ്രവിച്ചത്. ജറുസലെമിലേയ്ക്കുള്ള യാത്രാമദ്ധ്യേ ചുങ്കക്കാരോടും പാപികളോടുമുള്ള ഈശോയുടെ സമീപനത്തെ ചോദ്യം ചെയ്യുന്ന ഫരിസേയർക്കും നിയമജ്ഞർക്കുമുള്ള മറുപടിയായാണ് ഈശോ ഈ കഥപറയുന്നത്. തെറ്റുകളിൽ പശ്ചാത്തപിച്ച് തിരികെ വരുന്ന പാപികളെ കാത്ത്, പിതാവായ ദൈവം വിരുന്നൊരുക്കി കാത്തിരിക്കുന്നു എന്നും, പ്രവർത്തികളേക്കാൾ മനോഭാവങ്ങളെയാണ് ദൈവം വിധിക്കുന്നത് എന്നും ഈശോ ഈ കഥയിലൂടെ സൂചിപ്പിക്കുന്നു.

ഈ ഉപമയിലെ മൂത്തപുത്രന്റെയും, ഇളയപുത്രന്റെയും, പിതാവിന്റെയും മനോഭാവങ്ങൾ ശ്രദ്ധിക്കുക. ചെയ്യുന്ന പ്രവർത്തികൾ തെറ്റാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അത് തിരുത്താൻ ശ്രമിക്കുന്നവനാണ് ഇളയമകൻ. അവന് തിരിച്ചറിവുകളുണ്ട്. ജീവിതയാത്രയിൽ എവിടെയൊക്കെയോ വച്ച് സംഭവിച്ചുപോയ തെറ്റുകളെ ഓരോന്നോരോന്നായി അവൻ തിരിച്ചറിയുന്നു. നഷ്ടമാക്കിയ സൗഭാഗ്യങ്ങളെ അവൻ തിരിച്ചറിയുന്നു. കരുതലോടും സ്നേഹത്തോടും കൂടി തന്നെ വളർത്തിയ പിതാവിന്റെ വേലക്കാരനെങ്കിലും ആയിരിക്കുക എന്നത്, താൻ സ്വാതന്ത്ര്യമെന്ന് തെറ്റിദ്ധരിച്ച ഇപ്പോഴത്തെ അവസ്ഥയേക്കാൾ വളരെ വളരെ വലുതാണെന്ന് അവൻ തിരിച്ചറിയുന്നു. തിരിച്ചറിവുകളെ അവൻ പ്രവർത്തിതലത്തിലെത്തിക്കുകയും ചെയ്തു.

മൂത്തപുത്രന്റെ മനോഭാവം ശ്രദ്ധിക്കുക. അവൻ രാപകലോളം കഷ്ടപ്പെട്ട് വയലിൽ പണിയെടുക്കുന്നവനായിരുന്നു. പക്ഷേ അവൻ ബന്ധങ്ങൾക്ക് പ്രാധാന്യം നല്കിയില്ല. അപ്പനെക്കേറി ‘‘ഔസേപ്പുചേട്ടാ’’എന്നുവിളിക്കുന്നതുപോലെ അയാൾ അപ്പനെ ‘‘നിന്റെ’’ എന്നാണ് സംബോധന ചെയ്യുന്നതുപോലും. ‘‘നിന്റെസ്വത്ത് എന്റേതുകൂടിയാണ് ’’, ‘‘നിന്റെ മകൻ’’ എന്റെ അനുജൻകൂടിയാണ് എന്ന് അയാൾ തിരിച്ചറിയാതെ പോയി. പുത്രത്വം നഷ്ടപ്പെടുത്തിയ മകൻ വേലക്കാരുടെ സുഭിക്ഷതയിലൂടെ, പിതാവിന്റെ സ്നേഹത്തെക്കുറിച്ചോർത്തപ്പോൾ, എന്നും പിതാവിന്റെ കൂടെയായിരുന്ന മകൻ തന്നെത്തന്നെ ഒരു വേലക്കാരനോട് സാദൃശ്യപ്പെടുത്തി. തന്റെ അവകാശങ്ങളെ ഒരിക്കലും അയാൾ തിരിച്ചറിഞ്ഞില്ല. പുകഞ്ഞകൊള്ളി പുറത്ത് എന്ന മനോഭാവമായിരുന്നു അയാൾക്ക്. തിരിച്ചുവന്ന അനുജൻ, അപ്പന്റെ കാലശേഷം തന്റെ സ്വന്തമാകുമെന്ന് കരുതിയ മുഴുവൻ സ്വത്തുക്കളുടെയും ഓഹരി ഇനിയും കൈവശമാക്കുമോ എന്ന് അയാൾ ഭയന്നു.

ഇനി ഈ കഥയിലെ പിതാവിന്റെ മനോഭാവംകൂടി ശ്രദ്ധിക്കണം. മക്കളെ വളരെയധികം സ്നേഹിക്കുന്ന, മക്കൾ എന്തുചോദിച്ചാലും കൊടുക്കുന്ന പിതാവ്; മകൻ തന്നെവിട്ട് പോവുകയാണ് എന്നറിഞ്ഞിട്ടും അവന്റെ സ്വാതന്ത്ര്യത്തിന് വില കൽപ്പിച്ചുകൊണ്ട്സ്വത്തുവിഭജിച്ചുനല്കുന്ന അപ്പൻ; മകൻ വീടിന്റെ പടിയിറങ്ങിയതു മുതൽ എന്നെങ്കിലും എന്റെമകൻ എന്റെ അടുത്തെത്തും എന്നുകരുതി വഴിക്കണ്ണുമായി കാത്തിരിക്കുന്ന അപ്പൻ; താൻ സ്നേഹം കൊടുത്തുവളർത്തിയ മക്കൾക്ക് തന്നെപൂർണ്ണമായും വിട്ടുപിരിയാൻ സാധിക്കില്ല എന്ന് ആപിതാവിന് അറിയാമായിരുന്നു.

ആ സ്നേഹപിതാവിന്റെ പ്രതീക്ഷകളെ ഫലവത്താക്കിക്കൊണ്ട് ഇളയമകൻ പിതാവിന്റെ സ്നേഹത്തിലേയ്ക്ക് തിരികെവന്നു. പക്ഷേ എപ്പോഴും കൂടെയുണ്ടായിരുന്ന മൂത്ത മകൻ അപ്പനെ സങ്കടപ്പെടുത്തുകയാണ് ചെയ്തത്. അടുത്തുതാമസിച്ചിട്ടും, ഒരു ഭവനത്തിൽ താമസിച്ചിട്ടും ദാസ്യവേലയുടെ മനോഭാവമാണ് മൂത്തമകനുള്ളത് എന്ന അറിവ് ആ പിതാവിനെ വേദനിപ്പിച്ചു.

സ്നേഹമുള്ളവരേ, പ്രവർത്തികളേക്കാൾ കൂടുതൽ മനോഭാവങ്ങളെയാണ് ദൈവം വിധിക്കുക. ചെയ്യുന്നപ്രവർത്തികൾ തെറ്റാണെന്നറിഞ്ഞാൽ അത് തിരുത്താനുള്ള മനോഭാവം നമുക്കുണ്ടാകണം. അതിന് തിരിച്ചറിവുകളുണ്ടാകണം നമ്മുടെ അവസ്ഥയേക്കുറിച്ച് ; നമ്മുടെ അവകാശങ്ങളേക്കുറിച്ച്; ഇങ്ങനെയൊക്കെ ജീവിച്ചിട്ടും വിടാതെ പിൻതുടരുന്ന, തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന പിതാവിന്റെ സ്നേഹത്തെക്കുറിച്ച്. അതിനുവേണ്ടി നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. കുര്യൻ കുര്യാസ്.**